# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.650 — 29/10/2019-ൽ മറുപടിക്ക്

## കാർഷിക വൈദ്യുതി കണക്ഷനുകൾ

| | ചോദ്യം<br><br>**ശ്രീ.ജെയിംസ് മാത്യു** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട് എന്നറിയിക്കാമോ; | (എ) | കേരളത്തിൽ ഏകദേശം 4,73,053 കാർഷിക വൈദ്യുതി കണക്ഷനുകൾ ഉണ്ട്. |
| (ബി) | കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് പണം അടയ്ക്കുന്ന കണക്ഷനുകൾ എത്രയാണ് എന്ന് വെളിപ്പെടുത്താമോ; | (ബി) | കാർഷിക കണക്ഷനുകളിൽ കൃഷി വകുപ്പ് ഏകദേശം 2,79,660 കണക്ഷനുകൾക്ക് പണം അടക്കുന്നുണ്ട് |
| (സി) | കാർഷിക കണക്ഷൻ നൽകുന്നതിന് പമ്പ് ഹൗസ് നിർബന്ധമാണോ എന്ന് വ്യക്തമാക്കാമോ; | (സി) | കാർഷിക വൈദ്യുതി കണക്ഷനുകൾ വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾക്കു പുറമെ കന്നുകാലി ഫാമുകൾ, കോഴി വളർത്തു കേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ ആവശ്യങ്ങൾക്കായും നൽകാറുണ്ട്. ടി കാർഷിക കണക്ഷനുകൾക്ക് ഘടിപ്പിക്കുന്ന വൈദ്യുതി മീറ്ററും അനുബന്ധ ഉപകരണങ്ങളും സുരക്ഷിതമായി സ്ഥാപിക്കുവാൻ പമ്പ് ഹൗസ് അല്ലെങ്കിൽ വെയിലും മഴയും ഏൽക്കാൻ സാധിക്കാത്ത രീതിയിൽ ഉള്ള സംവിധാനം (എൻക്ലോസർ (Enclosure)) ആവശ്യമാണ്. |
| (ഡി) | പരിയാരം, ചപ്പാരപ്പടവ്, കുറുമാത്തൂർ, മലപ്പട്ടം, മയ്യിൽ, കുറ്റ്യാട്ടൂർ, കൊളച്ചേരി, ആന്തൂർ, തളിപ്പറമ്പ് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്ര കാർഷിക കണക്ഷനുകൾ ഉണ്ട്; വിശദമാക്കാമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാർഷിക കണക്ഷനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| തദ്ദേശ സ്വയംഭരണ സ്ഥാപനം | കാർഷിക കണക്ഷനുകളുടെ എണ്ണം |
|---|---|
| പരിയാരം | 55 |
| ചപ്പാരപ്പടവ് | 176 |
| കുറുമാത്തൂർ | 136 |
| മലപ്പട്ടം | 49 |
| ആന്തൂർ | 35 |

| | | | | |
|---|---|---|---|---|
| | | | തളിപ്പറമ്പ് | 17 |
| | | | മയ്യിൽ | 241 |
| | | | കുറ്റ്യാട്ടൂർ | 87 |
| | | | കൊളച്ചേരി | 36 |

സെക്ഷൻ ഓഫീസർ